2026
JANUARY
09
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




## പൊതുജനാരോഗ്യത്ത് 50,000 എൻ.ക്യു.എ.എസ് സർട്ടിഫിക്കേഷൻ

# ചരിത്ര നേട്ടം കൈവരിച്ച് ഇന്ത്യ

**ന്യൂഡൽഹി:** പൊതുജനാരോഗ്യ സേവനങ്ങളുടെ ഗുണനിലവാരം ശക്തിപ്പെടുത്തുന്നതിലേക്കുള്ള പ്രയാണത്തിൽ രാജ്യം നിർണായക നാഴികക്കല്ല് പിന്നിട്ടതായി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം. സമഗ്ര ഗുണനിലവാര ചട്ടക്കൂടായ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ(എൻ.ക്യു.എ.എസ്)പ്രകാരം 2025 ഡിസംബർ 31 വരെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 50,373 പൊതുജനാരോഗ്യ സൗകര്യങ്ങൾ നടപ്പിലാക്കിയാണ് ചരിത്ര നേട്ടം കൈവരിച്ചിരിക്കുന്നത്.ഇന്ത്യയുടെ പൊതുജനാരോഗ്യ സംവിധാനത്തിന് ഇത് അഭിമാനകരമായ നിമിഷമാണ്. എല്ലാ പൗരന്മാർക്കും, പ്രത്യേകിച്ച് ദരിദ്രർ, ദുർബലർ, പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾ അടക്കമുള്ളവർക്ക് ഉന്നത നിലവാരമുള്ള ആരോഗ്യപരിചരണത്തിലേക്കുള്ള സമത്വപൂർണ്ണവും അന്തസ്സുറ്റതുമായ പ്രവേശനം ഉറപ്പാക്കുന്നതിലേക്കുള്ള നിർണായകമായ മുന്നേറ്റമാണ് ഈ നേട്ടമെന്നും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം വ്യക്താക്കി.

2015ൽ വെറും 10 സർട്ടിഫൈഡ് ആരോഗ്യപരിചരണ സൗകര്യങ്ങളുമായി ആരംഭിച്ച എൻ.ക്യു.എ.എസ്, തുടക്കത്തിൽ സുരക്ഷിതവും രോഗി കേന്ദ്രീകൃതവും ഗുണനിലവാരവുമുള്ള സേവനങ്ങൾ ഉറപ്പാക്കുന്നതിനായി ജില്ലാ ആശുപത്രികളിലാണ് കേന്ദ്രീകരിച്ചിരുന്നത്. കാലക്രമേണ, ഈ ചട്ടക്കൂട് ഉപജില്ലാ ആശുപത്രികൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, ആയുഷ്മാൻ ആരോഗ്യ മന്ദിർ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ആയുഷ്മാൻ ആരോഗ്യ മന്ദിർ- അപ്പർപ്രൈമറി ഹെൽത്ത് സെന്ററുകൾ, ആയുഷ്മാൻ ആരോഗ്യ മന്ദിർ-സബ് ഹെൽത്ത് സെന്ററുകൾ എന്നിവയിലേക്കായി ഘട്ടംഘട്ടമായി വിപുലീകരിക്കപ്പെട്ടു. ഇതു മുഖേന പൊതുജനാരോഗ്യ സംവിധാനത്തിന്റെ സമസ്ത തലങ്ങളിലും ഗുണനിലവാരം ഉറപ്പാക്കി. എൻ.ക്യു.എ.എസ് സർട്ടിഫിക്കേഷനിൽ വെർച്വൽ അസസ്മെന്റുകളുടെ നടപ്പാക്കൽ ഇന്ത്യയിലെ പൊതുജനാരോഗ്യ സംവിധാനത്തിലുടനീളം ഗുണനിലവാത്തിന്റെ അതിവേഗ വ്യാപനത്തിന് വഴിയൊരുക്കി. ഇതിന്റെ ഫലമായി, സർട്ടിഫൈഡ് സൗകര്യങ്ങളുടെ എണ്ണം 2023 ഡിസംബറിൽ 6,506 ആയിരുന്നത് 2024 ഡിസംബറിൽ 22,786 ആയി ഉയർന്നു തുടർന്ന് 2025ഡിസംബറിൽ 50,373 എന്ന ചരിത്ര നേട്ടത്തിലെത്തി.

കേവലം ഒരു വർഷത്തിനുള്ളിൽ ഗണ്യമായ വർധനവാണ് സാധ്യമായിരിക്കുന്നത്. ഇതിൽ 48,663 ആയുഷ്മാൻ ആരോഗ്യ മന്ദിറുകൾ (SHC, PHC, UPHC) 1,710 ദ്വിതീയ പരിചരണ സൗകര്യങ്ങൾ (CHC, SDH, DH) എന്നിവ ഉൾപ്പെടുന്നു. 2017 ലെ ദേശീയ ആരോഗ്യ നയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാ




ക്കി, സാമ്പത്തിക ബുദ്ധിമുട്ടുകളില്ലാതെ ഗുണനിലവാരമുള്ളതും എല്ലാവർക്കും താങ്ങാനാവുന്നതുമായ ആരോഗ്യ പരിചരണം ഉറപ്പാക്കുക എന്നതാണ് ഇന്ത്യയുടെ സാർവത്രിക ആരോഗ്യ പരിരക്ഷയുടെ ലക്ഷ്യം.

തുടർച്ചയായ ശേഷിവികസനം, ഡിജിറ്റൽ നൂതനാശയങ്ങളുടെ പ്രയോജനപ്പെടുത്തൽ, വിലയിരുത്തുന്നവരുടെ എണ്ണം ഗണ്യമായി വർധിപ്പിക്കൽ, ഗുണനിലവാരം നിരന്തരം മെച്ചപ്പെടുത്തുന്നതിനുള്ള സ്ഥാപനവത്കരിച്ച സംവിധാനങ്ങൾ എന്നിവയാണ് ഈ മുന്നേറ്റത്തിന് ആധാരം.50,000 എൻ.ക്യു.എ.എസ് സർട്ടിഫിക്കേഷനുകൾ പിന്നിട്ടത്, പ്രതിരോധശേഷിയുള്ളതും സ്വാശ്രയവും ഉന്നത നിലവാരമുള്ളതുമായ പൊതുജനാരോഗ്യ സംവിധാനം കെട്ടിപ്പടുക്കുന്നതിനുള്ള ഇന്ത്യയുടെ കൂട്ടായ ദൃഢനിശ്ചയത്തിന്റെ ശക്തമായ സാക്ഷ്യമാണ്. ആത്മനിർഭർ ഭാരതിന്റെ ആത്മാവിനെയും 'സബ്കാ സാഥ്, സബ്കാ വികാസ്, സബ്കാ വിശ്വാസ്, സബ്കാ പ്രയാസ്' എന്ന ദർശനത്തെയും പ്രതിഫലിപ്പിക്കുന്ന ഈ നേട്ടം, ഗുണനിലവാരമുള്ള ആരോഗ്യപരിചരണം ഇന്ത്യയുടെ സമഗ്ര വികസനത്തിന് കേന്ദ്രബിന്ദുവാണ്. 2026 മാർച്ചോടെ രാജ്യത്തെ കുറഞ്ഞത് 50 ശതമാനം പൊതുജനാരോഗ്യ സ്ഥാപനങ്ങൾ എൻ.ക്യു.എ.എസ് സർട്ടിഫിക്കേഷൻ കൈവരിക്കുക എന്നതാണ് ലക്ഷ്യമെന്നും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം അധികൃതർ വ്യക്തമാക്കി.

## കാർഷിക മാലിന്യങ്ങളെ അമൂല്യ ദേശീയ വിഭവമാക്കി മാറ്റാൻ കഴിയും



**ന്യൂഡൽഹി:** കാർഷിക മാലിന്യങ്ങളെ അമൂല്യമായ ദേശീയ വിഭവമാക്കി മാറ്റാൻ സാധിക്കുമെന്ന് കേന്ദ്ര റോഡ് ഗതാഗത, ഹൈവേ മന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. 'കൃഷിയിട അവശിഷ്ടങ്ങളിൽ നിന്ന് റോഡിലേക്ക്: പൈറോളിസിസിലൂടെ ബയോബിറ്റുമിൻ' എന്ന പ്രമേയത്തിൽ സി.എസ്.ഐ.ആർ സംഘടിപ്പിച്ച സാങ്കേതിക കൈമാറ്റ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.2047 ഓടെ വികസിത ഭാരതമെന്ന ലക്ഷ്യത്തിലേക്കുള്ള പരിവർത്തനാത്മക ചുവടുവെയ്പ്പാണ് ബയോബിറ്റുമെൻ. കാർഷിക അവശിഷ്ടങ്ങൾ ഉപയോഗപ്പെടുത്തുന്നതിലൂടെ വൈക്കോൽ ഉൾപ്പെടെയുള്ളവ കത്തിക്കുന്നത് മൂലമുണ്ടാകുന്ന മലിനീകരണം കുറയ്ക്കാനും വർത്തുള സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്താനും സാധിക്കും. റോഡ് നിർമ്മാണത്തിൽ 15 ശതമാനം ബയോബിറ്റുമിൻ മിശ്രിതം ഉപയോഗിക്കുന്നതിലൂടെ ഇന്ത്യയ്ക്ക് ഏകദേശം 4,500 കോടി രൂപയുടെ വിദേശനാണ്യം ലാഭിക്കാനും ഇറക്കുമതി ചെയ്യുന്ന ക്രൂഡ് ഓയിലിനെ ആശ്രയിക്കുന്നത് ഗണ്യമായി കുറയ്ക്കാനും കഴിയുമെന്നും കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു.

ബയോബിറ്റുമിൻ വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്ന ലോകത്തിലെ ആദ്യത്തെ രാജ്യമായി ഇന്ത്യ മാറുന്നതോടെ നമ്മുടെ റോഡ് അടിസ്ഥാന സൗകര്യ വികസനത്തിൽ ഇതൊരു ചരിത്ര നാഴികക്കല്ലായി മാറുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഈ സുപ്രധാന നേട്ടം കൈവരിച്ചതിന് സി.എസ്.ഐ.ആർ നേയും, അവിടുത്തെ അർപ്പണബോധമുള്ള ശാസ്ത്രജ്ഞരേയും കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി അഭിനന്ദിച്ചു. ഈ വലിയ മുന്നേറ്റം സാധ്യമാക്കുന്നതിന് നിരന്തരമായ പിന്തുണ നല്കിയ കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗിന് അദ്ദേഹം നന്ദി രേഖപ്പെടുത്തുകയും ചെയ്തു. ഈൗ കണ്ടുപിടുത്തം കർഷകരെ ശാക്തീകരിക്കുമെന്നും ഗ്രാമീണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുമെന്നും നിതിൻ ഗഡ്കരി കൂട്ടിച്ചേർത്തു. സുസ്ഥിര വികസനം, സ്വയംപര്യാപ്തത, പരിസ്ഥിതി സൗഹൃദ വളർച്ച എന്നിവയോടുള്ള മോദി സർക്കാരിന്റെ പ്രതിബദ്ധതയുടെ പ്രതിഫലനമാണ് ബയോബിറ്റുമിൻ എന്നും ഇത് ശുദ്ധവും ഹരിതാഭവുമായ ഭാവിക്ക് വഴിയൊരുക്കുമെന്നും അദ്ദേഹം പറഞ്ഞു.

## ഇന്ത്യൻ മൈലോമ കോൺഗ്രസ് ഇന്ന് മുതൽ അമൃതയിൽ

**കൊച്ചി:** ആഗോളതലത്തിലെ മൈലോമ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് കൊച്ചിയിൽ നടക്കുന്ന ഇന്ത്യൻ മൈലോമ കോൺഗ്രസ്സിന് അമൃത ആശുപത്രി വേദിയാകും. മൈലോമ ചികിത്സയിലും ഗവേഷണത്തിലും ആഗോള തലത്തിൽ നടക്കുന്ന മാറ്റങ്ങളെ ഒന്നിച്ചുകൂട്ടുന്ന ഹെമറ്റോളജി സമ്മേളനങ്ങളിൽ ഒന്നായ ഇന്ത്യൻ മൈലോമ കോൺഗ്രസ് ജനുവരി 9 മുതൽ 11 വരെ ആണ് നടക്കുന്നത്.

വിശ്വപ്രശസ്തരായ 15 അന്താരാഷ്ട്ര ഫാക്കൽറ്റികളും രാജ്യത്തെ പ്രമുഖ മൈലോമ വിദഗ്ധരുമായിരിക്കും കോൺഗ്രസിൽ പങ്കെടുക്കുക.






# ഇന്നത്തെ പരിപാടി

## കൊച്ചി

**എറണാകുളം ബി.ടി.എച്ച് ഹോട്ടൽ:** കേരള പത്രപ്രവർത്തക യൂണിയൻ മുൻ സംസ്ഥാന പ്രസിഡന്റും വീക്ഷണം ചീഫ് ഡെപ്യൂട്ടി എഡിറ്ററുമായിരുന്ന പി എൻ പ്രസന്നകുമാർ അനുസ്മരണ സമ്മേളനവും പുരസ്കാര സമർപ്പണവും ബംഗാൾ ഗവർണർ സി.വി ആനന്ദബോസ് വൈകുന്നേരം 05 ന്.

**ചാവറ കൾച്ചറൽ സെന്റർ :** ധരണി കലോത്സവം ഉദ്ഘാടനം ജസ്റ്റിസ് പി വി കുഞ്ഞിക്കൃഷ്ണൻ വൈകിട്ട് 5.30 മുതൽ.

**എറണാകുളം സെന്റ് തെരേസാസ് കോളെജ് ആർട്സ് ബ്ലോക്ക് ഓഡിറ്റോറിയം :** ഭിന്നശേഷി വിദ്യർഥികളുടെ ഫാഷൻ ഷോ – ഉദ്ഘാടനം മന്ത്രി ഡോ. ആർ. ബിന്ദു – രാവിലെ 11 ന്.

**ചേരാനെല്ലൂർ നിത്യസഹായ മാതാ ദേവാലയം :** പരിശുദ്ധ നിത്യസഹായ മാതാവിന്റെ തിരുന്നാൾ – കലാസന്ധ്യ രാത്രി 7.30ന്.

**ചങ്ങമ്പുഴ പാർക്ക് :** കെഎസ്എഫ്ഇ ഇടപ്പള്ളി ശാഖയിൽ തുടങ്ങിയ പുസ്തകക്കൂടിന്റെ ആഭിമുഖ്യത്തിൽ പ്രഭാഷണം – ഉദ്ഘാടനം കെഎസ്എഫ്ഇ ചെയർമാൻ കെ വരദരാജൻ – വൈകീട്ട് 5ന്.

**ജെയിൻ സർവ്വകലാശാല കൊച്ചി ക്യാമ്പസ്:** ഹയാകോൺ 1.0 രാജ്യാന്തര സമ്മേളനത്തിന്റെ ഭാഗമായുള്ള ആഗോള വിദഗ്ധരുടെ ഒത്തുചേരൽ ഉദ്ഘാടനം മന്ത്രി പി. പ്രസാദ് രാവിലെ 10 ന്.

**കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം:** ഇന്റർനാഷണൽ ട്രാവൽ മാർട്ട് (ഐഐടിഎം) 2026 പ്രദർശനം രാവിലെ 10 മുതൽ

**എറണാകുളം മഹാരാജാസ് കോളജ് ഗ്രൗണ്ട്:** എം.എൽ.എ കപ്പ് ഫുട്ബോൾ മൽസരം ഫൈനൽ വൈകുന്നേരം 04.00 മുതൽ

## തൃപ്പൂണിത്തുറ

**തൃപ്പൂണിത്തുറ ബിഎച്ച്എസ് റോഡ് ശ്രീദേവി മണിമണ്ഡപം :** കല്യാണ കൃഷ്ണ ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന നൃത്യ സംഗീത ഉത്സവ് – കഥകളി : കഥ ഉഷ ചിത്ര ലേഖ – വൈകീട്ട് 6ന്.

## നെടുമ്പാശ്ശേരി

**മേയ്ക്കാട് സെന്റ് മേരീസ് കത്തോലിക്ക പള്ളി :** പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ സെബാസ്ത്യനോസിന്റെയും തിരുന്നാൾ – കൊച്ചിൻ തരംഗ് ബീറ്റ്സിന്റെ ഗാനമേള – രാത്രി 7.15 ന്.

**നെടുമ്പാശ്ശേരി ആവണംകോട് സ്വയംഭൂ സരസ്വതി ക്ഷേത്രം :** കേരളത്തിൻ മാർഗഴി സംഗീതോത്സവം 2026 – വൈകീട്ട് 5 മണി മുതൽ.

## കോതമംഗലം

**കോതമംഗലം റവന്യൂ അങ്കണം :** റവന്യൂടവർ ടെനന്റ്സ് അസോസിയേഷന്റെ സഹകരണത്തോടെ പുസ്തകോത്സവവും സാംസ്കാരികോത്സവവും – രാവിലെ 9.30 മുതൽ

## തിരുവൈരാണിക്കുളം

**തിരുവൈരാണിക്കുളം മഹാദേവ ക്ഷേത്രം :** ശ്രീ പാർവതിദേവിയുടെ നടതുറപ്പ് മഹോത്സവം – പുലർച്ചെ 4 മണി മുതൽ.

# ആധുനിക സൗകര്യങ്ങളുമായി കൊച്ചിൻ ക്യാൻസർ സെന്റർ



**കൊച്ചി:** ലോകോത്തര സൗകര്യങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കി കളമശ്ശേരിയിലെ കൊച്ചിൻ ക്യാൻസർ സെന്റർ. ഏകദേശം 384.34 കോടി രൂപ മുടക്കി നിർമ്മിച്ച കൊച്ചിൻ ക്യാൻസർ സെന്റർ, സൗകര്യങ്ങളുടെ കാര്യത്തിൽ സ്വകാര്യ മേഖലയിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളോട് കിടപിടിക്കുന്നതാണെന്ന് അധികൃതർ വ്യക്തമാക്കി.

ഒരേസമയം നൂറ് രോഗികളെ കിടത്തി ചികിത്സിക്കാനുള്ള വിപുലമായ സജ്ജീകരണം, സങ്കീർണ്ണമായ ശസ്ത്രക്രിയകൾക്കായി സജ്ജീകരിച്ച 5 ഓപ്പറേഷൻ തിയേറ്ററുകൾ. ഇതിൽ ഒന്ന് ഭാവിയിലെ സാധ്യതകൾ മുൻകൂട്ടി കണ്ട് റോബോട്ടിക് ശസ്ത്രക്രിയയ്ക്കായി പ്രത്യേകം മാറ്റി വെച്ചിട്ടുണ്ട്. മറ്റു ക്യാൻസർ സെന്ററുകളിൽ നിന്ന് വ്യത്യസ്തമായി ഗവേഷണത്തിന് വലിയ പ്രാധാന്യമാണ് നൽകുന്നത്. ഗവേഷണ ആവശ്യങ്ങൾക്കായി മാത്രം 10,000 ചതുരശ്ര അടി സ്ഥലം. ക്യാൻസർ ഗവേഷണവുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക ഇടം എന്നിങ്ങനെ വിവിധങ്ങളായ സൗകര്യങ്ങളാണ് കൊച്ചിൻ ക്യാൻസർ സെന്ററിൽ തയ്യാറാക്കിയിരിക്കുന്നത്.

സെന്റർ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുന്നതിന്റെ ഭാഗമായി 91 സ്ഥിരം തസ്തികകളും 68 കരാർ തസ്തികകളുമാണ് പുതുതായി സൃഷ്ടിച്ചിരിക്കുന്നത്. ഇതോടെ ക്യാൻസർ ചികിത്സാ രംഗത്തെ വിദഗ്ധരായ ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ വലിയൊരു നിര തന്നെ സെന്ററിൽ ലഭ്യമാകും. ഇത് രോഗികൾക്ക് മികച്ച പരിചരണവും വേഗത്തിലുള്ള ചികിത്സയും ഉറപ്പാക്കാൻ സഹായിക്കും. മധ്യകേരളത്തിലെ രോഗികൾക്ക് ഇനി വിദഗ്ധ ചികിത്സയ്ക്കായി കിലോമീറ്ററുകൾ താണ്ടേണ്ടി വരില്ല.

രോഗനിർണ്ണയം മുതൽ ഗവേഷണം വരെ ഒരു കുടക്കീഴിൽ അണിനിരക്കുമ്പോൾ, ക്യാൻസറിനെതിരായ പോരാട്ടത്തിൽ കേരളം ലോകത്തിന് തന്നെ വഴികാട്ടിയാവുകയാണ്. അത്യാധുനിക യന്ത്രസാമഗ്രികൾക്കൊപ്പം പുതുതായി നിയോഗിക്കപ്പെടുന്ന 159 ഓളം ആരോഗ്യപ്രവർത്തകരുടെ കരുതൽ കൂടി ചേരുന്നതോടെ കൊച്ചിൻ ക്യാൻസർ സെന്ററിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

# ബ്രെയ്‌ലി ദിനാചരണം സംഘടിപ്പിച്ചു



**കൊച്ചി:** അന്തർദേശീയ ബ്രെയ്‌ലി ദിനാചരണത്തോടനുബന്ധിച്ച് ലിസി മെഡിസിറ്റി നേത്രരോഗ വിഭാഗത്തിന്റെ നേതൃത്വത്തിൽ കാഴ്ചപരിമിതരുടെ വിദ്യാഭ്യാസത്തിലും ശാക്തീകരണത്തിലും സാങ്കേതികതയുടെ പങ്കിനെക്കുറിച്ചുള്ള ബോധവൽക്കരണ ശിൽപ്പശാല സംഘടിപ്പിച്ചു. വിദ്യാഭ്യാസം, തൊഴിൽ, മനുഷ്യാവകാശങ്ങൾ എന്നിവയിൽ കാഴ്ചപരിമിതരുടെ പ്രവേശനക്ഷമത മെച്ചപ്പെടുത്തുക, സാങ്കേതികവിദ്യയുടെ ലഭ്യതയിലുള്ള തടസ്സങ്ങൾ അഭിസംബോധന ചെയ്യുക എന്നിങ്ങനെയുള്ള ഈ വർഷത്തെ ബ്രെയ്‌ലി ദിനത്തിന്റെ സന്ദേശങ്ങൾ മുൻനിർത്തി സംഘടിപ്പിച്ച പരിപാടി ലിസി ഹോസ്പിറ്റൽ ജോയിന്റ് ഡയറക്ടർ ഫാ. റെജു കണ്ണമ്പുഴ ഉദ്ഘാടനം ചെയ്തു.

ആലുവ കീഴ്മാട് അന്ധവിദ്യാലയത്തിലെ പ്രധാനാധ്യാപിക ജിജി സുനിൽ മുഖ്യപ്രഭാഷണം നടത്തി. ബ്രെയിൽ ദിന സന്ദേശം നൽകി. ലിസി മെഡിസിറ്റി മെഡിക്കൽ സൂപ്ര് ഡോ. കെ. മനോജ്, ഡോ. സനിത സത്യൻ സംസാരിച്ചു. ആലുവ കീഴ്മാട് അന്ധവിദ്യാലയത്തിലെ വിദ്യാർത്ഥികളായ അശ്വിനി കെ കിനി, അനെറ്റ്, ആന്റണി എന്നിവർ പഠനത്തിന് ഉപയോഗിക്കുന്ന സാങ്കേതികവിദ്യകൾ വിശദീകരിച്ചു. തുടർന്ന് ആലുവ കീഴ്മാട് അന്ധവിദ്യാലയത്തിലെ അധ്യാപകൻ ശ്രീ സുനിൽ 'ഡിസബിലിറ്റി എറ്റിക്വേറ്റ്' എന്ന വിഷയത്തിൽ പ്രായോഗിക പരിശീലന ക്ലാസ് നടത്തി.

അന്താരാഷ്ട്രീയ ബ്രെയിൻ ദിനത്തോട് അനുബന്ധിച്ചു നടത്തിയ പോസ്റ്റർ മൽസരത്തിൽ ലിസി നഴ്സിങ് കോളേജിലെ ദേവിക, സാന്ദ്ര എന്നിവർ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി.

# 'ഹം' പാർട്ടി സംസ്ഥാന ഘടകം പുനഃസംഘടിപ്പിക്കുന്നു

**കൊച്ചി :**ഹിന്ദുസ്ഥാൻ അവാം മോർച്ച (സെക്യുലർ) യുടെ സംസ്ഥാന ഘടകം പുനഃസംഘടിപ്പിക്കുന്നു. കേന്ദ്ര കാബിനറ്റ് മന്ത്രി ജിതൻ റാം മാഞ്ചി നേതൃത്വം നൽകുന്ന ഹം പാർട്ടി ദേശവ്യാപകമായി പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഇക്കഴിഞ്ഞ ഡിസംബറിൽ കേരളത്തിലെ ചില പാർട്ടികളുമായി ലയന സമ്മേളനം നടത്തിയിരുന്നു. നിയമ സഭ തിരഞ്ഞെടുപ്പിന് മുമ്പ് പാർട്ടിയെ കൂടുതൽ ശക്തിപ്പെടുത്തി പുനഃസംഘടിപ്പിക്കുന്നതിനായി നിലവിലെ സംസ്ഥാന കമ്മിറ്റിയെ പിരിച്ച് വിട്ട് അഡ്ഹോക്ക് കമ്മിറ്റി രൂപീകരിച്ചതായി ചീഫ് ജനറൽ സെക്രട്ടറി രാജേഷ് കുമാർ പാണ്ഡെ അറിയിച്ചു.

# റോഡ് സുരക്ഷാ മാസാചരണം: സൗജന്യ നേത്ര രക്ത പരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചു

**കൊച്ചി:** മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ റോഡ് സുരക്ഷാ മാസാചരണത്തിന്റെ ഭാഗമായി കാക്കനാട് സിവിൽ സ്റ്റേഷനിൽ ഡ്രൈവർമാർക്ക് സൗജന്യ നേത്ര രക്ത പരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചു. ജില്ലാ കളക്ടർ ജി. പ്രിയങ്ക ഉദ്ഘാടനം ചെയ്തു. റോഡ് സുരക്ഷ എന്നത് ഒരു വ്യക്തിയെ മാത്രം ബാധിക്കുന്ന കാര്യമല്ലെന്നും സുരക്ഷിതമായി വാഹനം ഓടിക്കാൻ ശാരീരിക ആരോഗ്യവും മാനസികാരോഗ്യവും അനിവാര്യമാണെന്നും ജില്ലാ കളക്ടർ പറഞ്ഞു. ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ അനൂപ് വർക്കി ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തി. ആർ.ടി.ഒ കെ.ആർ സുരേഷ്, എൻഫോഴ്സ്മെന്റ് ആർ.ടി.ഒ ബിജു ഐസക്, മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ ആർ.ടി.ഒ എൻ. വിനോദ് കുമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ശ്രീധരീയം ആയുർവേദ ആശുപത്രിയുമായും ഹൈടെക് ഡയഗണോസ്റ്റിക് സെന്ററുമായും സഹകരിച്ചാണ് ക്യാമ്പ് സംഘടിപ്പിച്ചത്.

# മരണാനന്തര അവയവദാനം; 'റിപ്പിൾസ് ഓഫ് ലൈഫ്' ജനുവരി 31 ന്



കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ജനുവരി 31 ന് നടക്കുന്ന റിപ്പിൾസ് ഓഫ് ലൈഫ് പ്രോഗ്രാമിന്റെ പ്രഖ്യാപനം എറണാകുളം പ്രസ്ക്ലബ്ബിൽ ലിവർ ഫൗണ്ടേഷൻ ഓഫ് കേരള സ്റ്റേറ്റ് ട്രഷറർ ബാബു കുരുവിള, റോട്ടറി ഡിസ്ട്രിക്റ്റ് കോ-ഓർഡിനേറ്റർ ഡോ. സുനിൽ കെ.മത്തായി, റോട്ടറി കൊച്ചിൻ ഡൗൺടൗൺ പ്രസിഡന്റ് മേജർ സൂസി പോൾ, ലിവർ ഫൗണ്ടേഷൻ ഓഫ് കേരള സെക്രട്ടറി വിനു വി നായർ, ഐ.എം.എ കൊച്ചി ട്രഷറർ ഡോ. ബെൻസിർ ഹുസൈൻ എന്നിവർ നടത്തുന്നു.

**കൊച്ചി :** മരണാനന്തര അവയവ ദാനത്തെക്കുറിച്ച് സമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിനും മരണാനന്തരം അവയവം ദാനം ചെയ്യുവാൻ ആഗ്രഹിക്കുന്നവരുടെ രജിസ്ട്രേഷൻ നടപടികളുടെ പ്രചരണാർത്ഥവും റോട്ടറി കൊച്ചിൻ ഡൗൺടൗൺ, ഐ.എം.എ കൊച്ചി എന്നിവരുടെ നേതൃത്വത്തിൽ റോട്ടറി ഡിസ്ട്രിക്റ്റ് 3205, എം.ജി യൂണിവേഴ്സിറ്റി നാഷണൽ സർവ്വീസ് സ്കീം യൂണിറ്റ്, ലിവർ ഫൗണ്ടേഷൻ ഓഫ് കേരള, കടവന്ത്ര റീജ്യണൽ സ്പോർട്സ് സെന്റർ, കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ സോട്ടോ) എന്നിവരുടെ സഹകരണത്തോടെ ഈ മാസം 31 ന് എറണാകുളം കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ 'റിപ്പിൾസ് ഓഫ് ലൈഫ്' പ്രോഗ്രാം സംഘടിപ്പിക്കുമെന്ന് റോട്ടറി ഡിസ്ട്രിക്റ്റ് കോ-ഓർഡിനേറ്റർ ഡോ.സുനിൽ കെ.മത്തായി, ലിവർ ഫൗണ്ടേഷൻ ഓഫ് കേരള സ്റ്റേറ്റ് ട്രഷറർ ബാബു കുരുവിള, ഐ.എം.എ കൊച്ചി ട്രഷറർ ഡോ. ബെൻസിർ ഹുസൈൻ, ലിവർ ഫൗണ്ടേഷൻ ഓഫ് കേരള സെക്രട്ടറി വിനു വി. നായർ, റോട്ടറി കൊച്ചിൻ ഡൗൺടൗൺ പ്രസിഡന്റ് മേജർ സൂസി പോൾ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

അവയവദാനം നടത്തിയവരുടെ ബന്ധുക്കളുടേയും, സ്വീകരിച്ചവരുടേയും സംഗമം, മരണാനന്തര അവയവദാനം നടത്തുന്നതിനുള്ള സമ്മതിദാന പ്രതിജ്ഞ എടുക്കൽ, കെ. സോട്ടോയുടെ പോർട്ടലിൽ മരണാനന്തരം അവയവം ദാനം ചെയ്യുവാൻ ആഗ്രഹിക്കുന്നവരുടെ രജിസ്ട്രേഷനെക്കുറിച്ചുള്ള വിശദീകരണം, ആരോഗ്യവിദഗ്ദരുടെ പ്രഭാഷണം, ചർച്ച, ഷോർട്ട് ഫിലിം, സ്കിറ്റ് മൽസരങ്ങൾ തുടങ്ങി വിവിധ പരിപാടികളോടെയാണ് പ്രോഗ്രാം സംഘടിപ്പിച്ചിരിക്കുന്നത്. അവയവദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അമൃത ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. ദിനേശ് ബാലകൃഷ്ണന്റെ നേതൃത്വത്തിൽ രാവിലെ 10 ന് നടക്കുന്ന പ്രഭാഷണത്തോടെ ആരംഭിക്കുന്ന ചടങ്ങിന്റെ ഔദ്യോഗിക ഉദ്ഘാടനം 11.30ന് സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവ്വഹിക്കും. കൊച്ചി മേയർ വി.കെ മിനി മോൾ അധ്യക്ഷത വഹിക്കും. മന്ത്രി പി.രാജീവ് മുഖ്യപ്രഭാഷണം നടത്തും. ഹൈബി ഈഡൻ എം.പി, ടി.ജെ വിനോദ് എം.എൽ.എ, കെ സോട്ടോ എക്സിക്യൂട്ടീവ് ഡയറക്ടറും മെമ്പർ സെക്രട്ടറിയുമായ ഡോ. നോബിൾ ഗ്രേഷ്യസ്, എം.ജി യൂണിവേഴ്സിറ്റി എൻ.എസ്.എസ് പ്രോഗ്രാം ഡയറക്ടർ പ്രൊഫ. ഇ.എൻ.ശിവദാസൻ, ലിവർ ഫൗണ്ടേഷൻ ഓഫ് കേരള സ്റ്റേറ്റ് ട്രഷറർ ബാബു കുരുവിള, ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. അതുൽ ജോസഫ് മാനുവൽ, ആർ.എസ്.സി സെക്രട്ടറി എസ്.എ.എസ് നവാസ്, റോട്ടറി ഡിസ്ട്രിക്റ്റ് 3205 ഗവർണർ ഡോ. ജി.എൻ രമേഷ്, റോട്ടറി കൊച്ചിൻ ഡൗൺടൗൺ പ്രസിഡന്റ് മേജർ സൂസി പോൾ, റോട്ടറി ഡിസ്ട്രിക്റ്റ് കോർഡിനേറ്റർ ഡോ.സുനിൽ കെ.മത്തായി തുടങ്ങിയവർ ചടങ്ങിൽ സംസാരിക്കും. തുടർന്ന് 'നേർക്കാഴ്ച" മസ്തിഷക മരണത്തെ തുടർന്ന് അവയവങ്ങൾ ദാനം ചെയ്ത വ്യക്തികളുടെ കുടുംബാംഗങ്ങളും സ്വീകർത്താക്കളും പങ്കെടുക്കുന്ന പ്രോഗ്രാമിന് ലിവർ ഫൗണ്ടേഷൻ ഓഫ് കേരള സെക്രട്ടറി വിനു വി. നായർ നേതൃത്വം നൽകും.

സംഗമത്തിന്റെ ഭാഗമായി എൻ.എസ്. എസ് വോളന്റീയേഴ്സായിട്ടുള്ള കോളേജ് വിദ്യാർഥികൾക്കായി 'ഞാൻ ജീവനേകുന്നു' എന്ന പ്രമേയത്തിൽ മൂന്ന് മിനിറ്റ് ദൈർഘ്യമുള്ള ഷോർട് ഫിലിം മൽസരം, 'അവയവദാനം ഞാനും എന്റെ കുടുംബവും' എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി ആറ് മിനിറ്റ് ദൈർഘ്യമുള്ള സ്കിറ്റ് മൽസരം എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. രണ്ട് മൽസരങ്ങളിലും ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടുന്ന വിജയികൾക്കുള്ള ക്യാഷ് പ്രൈസ് 31 ന് നടക്കുന്ന ചടങ്ങിൽ പത്മഭൂഷൺ ഡോ. ജോസ് ചാക്കോ പെരിയപ്പുറം, ഡോ. എസ്. സുധീന്ദ്രൻ എന്നിവർ വിതരണം ചെയ്യും. സെന്റ് തെരേസാസ് കോളജ് വിദ്യാർഥികളുടെ 'ആത്മതാളം' ഡാൻസ് പ്രോഗ്രാമും ചടങ്ങിൽ ഉണ്ടായിരിക്കും. മൽസരത്തിൽ പങ്കെടുക്കുന്ന വിദ്യാർഥികൾ റെക്കോർഡ് ചെയ്ത് സ്കിറ്റും, ഷോർട്ട് ഫിലിമുകളും ജനുവരി 21നുള്ളിൽ സംഘാടകർ മുമ്പാകെ സമർപ്പിക്കണം. മൽസരത്തിൽ പങ്കെടുക്കുന്നതിന് ഒരു കോളേജിൽ നിന്നും ഒരു ടീമിനായിരിക്കും അനുമതി ലഭിക്കുകയെന്നും സംഘാടകർ അറിയിച്ചു.

# കുട്ടികളുടെ ആരോഗ്യം പ്രധാനം; വിരവിമുക്ത ദിനാചരണം നടന്നു

**കൊച്ചി:** ആരോഗ്യകരമായ ഭാവിക്ക് വിരവിമുക്തമായ കുട്ടിക്കാലം അത്യാവശ്യമാണെന്ന സന്ദേശവുമായി ജില്ലാതല വിരവിമുക്ത ദിനാചരണം സംഘടിപ്പിച്ചു. കാക്കനാട് എം എ അബൂബക്കർ മെമ്മോറിയൽ ഗവൺമെന്റ് എൽ.പി സ്കൂളിൽ നടന്ന ചടങ്ങ് ജില്ലാ കളക്ടർ ജി. പ്രിയങ്ക ഉദ്ഘാടനം ചെയ്തു. വിരബാധ ഒഴിവാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും, വ്യക്തിശുചിത്വത്തിലൂടെയും ശരിയായ ആരോഗ്യശീലങ്ങളിലൂടെയും രോഗങ്ങളെ പ്രതിരോധിക്കാൻ കുട്ടികൾ ശ്രദ്ധിക്കണമെന്നും കളക്ടർ കുട്ടികളെ ഓർമ്മിപ്പിച്ചു. ആൽബൻഡസോൾ ഗുളികകളും കളക്ടർ കുട്ടികൾക്ക് വിതരണം ചെയ്തു.

ജില്ലാ മെഡിക്കൽ ഓഫീസർ കെ.എൽ ഷീജ,ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. പ്രസ്ലിൻ ജോർജ്, കാക്കനാട് കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. ആർ. ഗോപിക പ്രേം, ഐ.സി.ഡി.എസ് ജില്ലാ പ്രോഗ്രാം ഓഫീസർ സുധ, ജില്ലാ എഡ്യൂക്കേഷൻ മീഡിയ ഓഫീസർ ജി. രജനി, സ്കൂൾ ഹെഡ്മാസ്റ്റർ സി.ഐ നവാസ്, ജില്ലാ ആർ.സി.എച്ച് ഓഫീസർ ഡോ.എം.എസ് രശ്മി, തിരുവനന്തപുരം ഡയറക്ടറേറ്റ് ഓ



ഫ് ഹെൽത്ത് സർവീസസ് ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഡോ. ആശാ വിജയൻ, ടെക്നിക്കൽ അസിസ്റ്റന്റ് ബിജോഷ് തുടങ്ങിയവർ പങ്കെടുത്തു.

ജില്ലയിലെ വിവിധ സ്കൂളുകളിലും അങ്കണവാടികളിലും വിരവിമുക്ത ദിനത്തോടനുബന്ധിച്ച് ഗുളിക വിതരണം ചെയ്തു.

## ജില്ലാതല കേരളോത്സവം ജനുവരി 20 മുതൽ 25 വരെ

**കൊച്ചി:** സംസ്ഥാന യുവജന ക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ജില്ലാതല കേരളോത്സവം ജനുവരി 20 മുതൽ 25 വരെ ജില്ലയിലെ വിവിധ വേദികളിലായി നടക്കും. ജില്ലയിലെ നഗരസഭകളിൽ നിന്നും കൊച്ചി കോർപ്പറേഷനിൽ നിന്നും പഞ്ചായത്തുകളിൽ നിന്നുമായി അയ്യായിരത്തോളം കലാകായിക പ്രതിഭകൾ മേളയിൽ പങ്കെടുക്കും. കേരളോത്സവം സംഘാടക സമിതി രൂപീകരണ യോഗം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ജി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി പി. എം. ഷെഫീഖ് ഷെഡ്യൂൾ അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് സിന്റാ ജേക്കബ്, അസിസ്റ്റന്റ് കളക്ടർ പാർവ്വതി ഗോപകുമാർ, ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ ആർ പ്രജുഷ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, നഗരസഭ ചെയർമാൻമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, കായിക അസോസിയേഷൻ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി ജനറൽ കൺവീനറുമായി 101 അംഗ സംഘാടക സമിതിയേയും യോഗം തിരഞ്ഞെടുത്തു.

## വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ഓപ്പറേറ്റർ കോഴ്സ്

**കൊച്ചി:** അസാപ് കേരളയും എസ്.സി.എം.എസ് വാട്ടർ ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി നടത്തുന്ന സർക്കാർ അംഗീകൃത വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ഓപ്പറേറ്റർ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. പത്താം ക്ലാസ്, പ്ലസ് ടു, ഐ.ടി.ഐ അല്ലെങ്കിൽ ഡിപ്ലോമ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ആറാഴ്ചത്തെ പരിശീലനവും ഇന്റേൺഷിപ്പും ഉൾപ്പെടുന്ന കോഴ്സ് ജനുവരി 12ന് എറണാകുളം കറുകുറ്റി എസ്.സി.എം.എസ് കാമ്പസിൽ ആരംഭിക്കും. വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്ലേസ്മെന്റ് അസിസ്റ്റൻസ് ലഭ്യമാണ്.

## കമ്പ്യൂട്ടർ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** തിരുവനന്തപുരം മുട്ടടയിലുള്ള ഐ.എച്ച്.ആർ.ഡി റീജിയണൽ സെന്ററിൽ ജനുവരി 15ന് ആരംഭിക്കുന്ന വിവിധ കമ്പ്യൂട്ടർ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ബിരുദം, പ്ലസ് ടു, എസ്.എസ്.എൽ.സി എന്നിവയാണ് യോഗ്യത. ഫുൾ ടൈം, പാർട്ട് ടൈം, ഓൺലൈൻ, ഓഫ്ലൈൻ, ഈവനിംഗ് ബാച്ചുകൾ ലഭ്യമാണ്. ജനുവരി 15 വരെ അപേക്ഷകൾ സമർപ്പിക്കാം. ഫോൺ : 0471-2550612, 9400519491, 8547005087

## തീരദർശനം 2026 സെമിനാർ ഇന്ന്

**കൊച്ചി:** കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൻ 40ാംവാർഷികത്തോടനുബന്ധിച്ച് 'തീരദർശനം 2026 ക്ഷേമ പദ്ധതികളുടെ വിലയിരുത്തലും, പുതിയ പദ്ധതികളുടെ ആസൂത്രണവും' സംബന്ധിച്ച് സെമിനാർ സംഘടിപ്പിക്കുന്നു. ടൗൺ ഹാളിൽ ജനുവരി 9, 10 തീയതികളിലായി നടത്തുന്ന സെമിനാറിന്റെ ഉദ്ഘാടനം എൻ ഐ എഫ് എച്ച് എ ടി ടി ഡയറക്ടർ ഡോ.സി.എസ് ഷൈൻ കുമാർ നിർവഹിക്കും. മത്സ്യ ബോർഡ് ചെയർമാൻ കൂട്ടായി ബഷീറിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന സെമിനാറിൽ ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരും, മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി സംഘടന പ്രതിനിധികളും പങ്കെടുക്കും.

## ജൂനിയർ റെസിഡന്റ് നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ നെഫ്രോളജി, കാർഡിയോളജി, ജനറൽ മെഡിസിൻ, ഒ.ബി.ജി എന്നീ വിഭാഗങ്ങളിലേക്ക് ജൂനിയർ റെസിഡന്റുമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. എം.ബി.ബി.എസ്, കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ എന്നിവയാണ് അടിസ്ഥാന യോഗ്യതകൾ. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ പ്രായം, യോഗ്യത എന്നിവ തെളിയിക്കുന്ന ഒറിജിനൽ രേഖകൾ സഹിതം ജനുവരി 20ന് രാവിലെ 11 ന് മുൻപായി മെഡിക്കൽ കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ ഹാജരാക്കേണ്ടതാണ് .

## കേരള സംസ്ഥാന വയോജന കമ്മീഷൻ: പ്രത്യേക യോഗം ഇന്ന്

**കൊച്ചി:** സംസ്ഥാന വയോജന കമ്മീഷന്റെ ഭാവി പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വരൂപിക്കാൻ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനാ ഭാരവാഹികളെയും സന്നദ്ധപ്രവർത്തകരുടെയും യോഗം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ഇന്ന് ചേരും

സൊസൈറ്റി ടുഡേ
SOCIETY TODAY

# അനുഭവവേദ്യ ടൂറിസത്തിന് പ്രാധാന്യമേറുന്നു




**കൊച്ചി:** അനുഭവവേദ്യ ടൂറിസത്തെ ഗൗരവത്തോടെ കാണുന്ന കാലഘട്ടമാണെന്നും അത് വലിയ അവസരങ്ങൾ തുറന്നുതരുന്ന അക്കാദമിക്, സാംസ്കാരിക ടൂറിസം എന്ന നിലയിലേക്ക് സാവധാനം മാറിക്കൊണ്ടിരിക്കുന്നുവെന്നും വിദഗ്ദ്ധർ. കൊച്ചി ബോൾഗാട്ടി പാലസിൽ നടക്കുന്ന ത്രിദിന അന്താരാഷ്ട്ര സ്പൈസ് റൂട്ട്സ് സമ്മേളനത്തിൽ 'ഹെറിറ്റേജ് ടു എക്സ്പീരിയൻസ് റീഇമാജിനിംഗ് സ്പൈസ് റൂട്ട്സ് ഫോർ ടൂറിസം എന്ന സെഷനിലാണ് ഈ അഭിപ്രായം ഉയർന്നത്. കഴിഞ്ഞ 20 വർഷത്തിനിടയിൽ അനുഭവവേദ്യ ടൂറിസത്തിന്റെ ഗൗരവം വർധിച്ചിട്ടുണ്ടെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടു. ഈ മേഖലയിൽ സഞ്ചാരികൾ വർധിക്കുന്ന സാഹചര്യത്തിൽ സംസ്കാരം, പൈതൃക, അധ്വഞ്ചർ ടൂറിസം മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് മുന്നോട്ടു പോകേണ്ടുന്നും അവർ ചൂണ്ടിക്കാട്ടി.

പുരാതന സ്പൈസ് റൂട്ടിനെ സമകാലിക ആഗോള ചർച്ചകളുമായി വീണ്ടും ബന്ധിപ്പിക്കുന്ന ബൗദ്ധികസാംസ്കാരിക വേദിയായാണ് സമ്മേളനം രൂപകൽപ്പന ചെയ്തിരിക്കുന്നത്. പൈതൃക കേന്ദ്രങ്ങളിലെ നിർമ്മിതികളെ കുറിച്ചുള്ള വിവരങ്ങൾക്കപ്പുറം വിനോദസഞ്ചാരികൾ തേടുന്നത് വിദേശ സംസ്കാരം, ആ സ്ഥലത്തെ ഭാഷാപ്രയോഗങ്ങൾ, ആഹാരരീതികൾ എന്നിവയെ എങ്ങനെ സ്വാധിനിച്ചു എന്നുള്ളതാണെന്ന് കൊച്ചി ഹെറിറ്റേജ് പ്രോജക്റ്റിന്റെ സ്ഥാപകനായ ജോഹാൻ കുരുവിള പറഞ്ഞു.സ്മാരകങ്ങളെ അടിസ്ഥാനമാക്കിയുള്ള അനുഭവകഥകൾക്കു പകരം അതത് സ്ഥലങ്ങളിലെ ജീവിതരീതിയിൽ അടങ്ങിയിരിക്കുന്ന അർത്ഥവത്തായ കഥകളാണ് സഞ്ചാരികൾ അനുഭവവേദ്യ ടൂറിസത്തിൽ തേടുന്നത്. വിനോദസഞ്ചാരികളിൽ മറ്റ് സ്ഥലങ്ങളെക്കുറിച്ച് ജിജ്ഞാസ ഉണർത്തുകയും അവബോധം സൃഷ്ടിക്കുകയും ചെയ്യേതിൻറെ പ്രാധാന്യവും അദ്ദേഹം ചൂണ്ടക്കാണിച്ചു. കപ്പൽക്കടവ് എന്നും അറിയപ്പെടുന്ന പഴയ കവ്വായി തുറമുഖത്ത് അറബികളും ചൈനീസ് കപ്പലുകളും എത്തിയിരുന്നത് പ്രാദേശിക നെയ്ത്തുകാരിൽ നിന്ന് തുണികൾ വാങ്ങാനായിരുന്നുവെന്ന് കവ്വായി സ്റ്റോറീസിന്റെ സ്ഥാപകൻ രാഹുൽ നാരായണൻ പറഞ്ഞു.

പയ്യന്നൂർ ദേവി ക്ഷേത്രത്തിലെ ഉത്സവകാലത്ത് ഏകദേശം 200 ഓളം പേർ കവ്വായി കായലിൽ മീൻ പിടിക്കാൻ എത്തുകയും അവർ 21 കെട്ട് മത്സ്യങ്ങളുമായി ക്ഷേത്രത്തിലേത്തി ദേവിക്ക് സമർപ്പിക്കുകയും ചെയ്യും. നൂറ്റാണ്ടുകളുടെ പഴക്കമുള്ള ഈ ആചാരം ഇന്നും നിലനിൽക്കുന്നുവെന്നത് അതിശയകരമാണ്. കണ്ണൂരിലും കാസർഗോഡിലുമായി വ്യാപിച്ചുകിടക്കുന്ന കവ്വായി കായൽ കയാക്കിംഗിനും പ്രകൃതിസൗന്ദര്യം ആസ്വദിക്കുന്നതിനുമുള്ള പ്രധാന കേന്ദ്രമായി മാറിയിരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ സംസ്കാരവും ഭൂമിശാസ്ത്രവും മനസ്സിലാക്കുക എന്ന ആഗ്രഹമാണ് ഇവിടുത്തെ പ്രകൃതിദൃശ്യങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ പ്രേരണയായതെന്ന് ആയുർവേദ ട്രെയിൽസിന്റെ സ്ഥാപകയും ഡയറക്ടറുമായ സുസാന സ്വീബെൽ പറഞ്ഞു. ഹിയറിറ്റേജിലെ സ്റ്റോറി ടെല്ലർ രജീഷ് രാഘവൻ കഥപറച്ചിൽ പുതുക്കുന്നതിന് പുതിയ സ്ഥലങ്ങളും സംസ്കാരവും തിരിച്ചറിയേതിന്റെ ആവശ്യകത ചൂിക്കാട്ടി. സിറ്റി ഹെറിറ്റേജ് എംഡി ഷിഹാദ് മുഹമ്മദ് മോഡറേറ്ററായിരുന്നു.

# വൈബ്രന്റ് ഗുജറാത്ത് റീജണൽ കോൺഫറൻസ് ജനുവരി 11, 12 തിയ്യതകളിൽ




**കൊച്ചി:** ഗുജറാത്ത് സർക്കാർ ജനുവരി 11, 12 തീയ്യതികളിൽ സംഘടിപ്പിക്കുന്ന വൈബ്രന്റ് ഗുജറാത്ത് റീജണൽ കോൺഫറൻസിന് മാർവാഡി സർവ്വകലാശാല ആതിഥേയത്വം വഹിക്കും. ഗുജറാത്തിനെ ആഗോള വിദ്യാഭ്യാസ മേഖലയിൽ സുപ്രധാന സ്ഥാനത്തെത്തിക്കുന്നതിനായി സർവ്വകലാശാല ഗുജറാത്തി വിദ്യാഭ്യാസ വകുപ്പിന് ആയിരം കോടി രൂപയുടെ നിക്ഷേപ ധാരണാ പത്രവും സമർപ്പിച്ചിട്ടുണ്ട്. അത്യാധുനീക വിദ്യാഭ്യാസ അടിസ്ഥാന സൗകര്യങ്ങൾ, ആധുനീക ലബോറട്ടറികളുമായുള്ള അക്കാദമിക് ബ്ലോക്കുകൾ ആധുനീക കായിക സൗകര്യങ്ങൾ, പുതുതലമുറ ഹോസ്റ്റലുകൾ തുടങ്ങിയവയെല്ലാം നിർദ്ദിഷ്ട നിക്ഷേപത്തിൽ ഉദ്ദേശിക്കുന്നുണ്ട്.

ഇതിനു പുറമെ ആയിരം ചതുരശ്ര അടിയിൽ സ്റ്റാർട്ട് അപ്പുകൾക്കായുള്ള കേന്ദ്രവും ഉണ്ടാകും. വോക്കൽ ഫോർ ലോക്കൽ എന്ന പ്രമേയവുമായി ഗുജറാത്തിന്റെ ഉത്തര, ദക്ഷിണ, സൗരാഷ്ട്ര, കച്ച്, മധ്യ മേഖലകളിലായാവും കോൺഫറൻസ് സംഘടിപ്പിക്കുക. ജപ്പാൻ, ദക്ഷിണ കൊറിയ, വിയറ്റ്നാം, നെതർലാന്റ്സ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള പങ്കാളിത്തം ഇതിലുണ്ടാകും.ഗുജറാത്തിന്റെ വികസനത്തിനും വികസിത് ഭാരത് 2047 എന്ന വിപുലമായ ലക്ഷ്യത്തിനും സംഭാവനകൾ നൽകാൻ തങ്ങൾക്ക് അഭിമാനമുണ്ടെന്ന് മാർവാഡി സർവ്വകലാശാലാ പ്രോവോസ്റ്റ് ആർ.ബി ജഡേജ പറഞ്ഞു. ഗുജറാത്തിനെ ആഗോളതലത്തിൽ വളർത്തുന്നതിനുള്ള തങ്ങളുടെ പ്രതിബദ്ധതയാണ് ഈ കോൺഫറൻസിന് ആതിഥേയത്വം വഹിക്കുന്നതിലൂടെ പ്രകടമാകുന്നതെന്നും അദ്ദേഹം പറഞ്ഞു.

# കൊച്ചിയിൽ 2025ൽ ഏറ്റവും കൂടുതൽ ഓർഡർ ചെയ്ത വിഭവം ചിക്കൻ ബിരിയാണി

**കൊച്ചി:** കൊച്ചിയിൽ 2025ൽ ഏറ്റവും കൂടുതൽ ഓർഡർ ചെയ്ത വിഭവം ചിക്കൻ ബിരിയാണിയെന്ന് സ്വിഗ്ഗിയുടെ 'ഹൗ ഇന്ത്യ സ്വിഗ്ഗ്ഡ് 2025' റിപ്പോർട്ട്. ഏകദേശം 14 ലക്ഷം ഓർഡറുകളോടെയാണ് ചിക്കൻ ബിരിയാണി നഗരത്തിലെ ഏറ്റവും കൂടുതൽ ഓർഡർ ചെയ്ത വിഭവമായി മാറിയത്. ചിക്കൻ ഫ്രൈയും ചിക്കൻ ബർഗറും പിന്നാലെയുണ്ടായിരുന്നു. ഡിന്നർ ഓർഡറുകളിൽ വർഷാന്തര അടിസ്ഥാനത്തിൽ 32 ശതമാനം വളർച്ച രേഖപ്പെടുത്തിയപ്പോൾ, വൈകുന്നേരവും അർധരാത്രിയിലുമുള്ള ഭക്ഷണാവശ്യങ്ങൾ ഏറെ വർധിച്ചു. സ്വിഗ്ഗി ഡൈനൗട്ടിലൂടെ കൊച്ചി ഉപഭോക്താക്കൾ 3.08 കോടി രൂപ ലാഭിക്കുകയും ചെയ്തതായും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. സ്വിഗ്ഗി ബോൾട്ട് പോലുള്ള വേഗത്തിലുള്ള ഡെലിവറി സേവനങ്ങൾ നഗരത്തിന്റെ ഭക്ഷണ ശീലങ്ങളിൽ സൗകര്യവും പുതുമയും കൂട്ടിച്ചേർത്തതായി റിപ്പോർട്ട് വ്യക്തമാക്കുന്നു.

## സൗജന്യ തൊഴിൽ പരിശീലനം: സീറ്റ് ഒഴിവ്

**കൊച്ചി :** എറണാകുളം ജില്ലാ പഞ്ചായത്ത് കുറ്റൂക്കാരൻ ഇൻസ്റ്റിറ്റിയൂട്ടുമായി സഹകരിച്ച് പട്ടികജാതി വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി പാസായ 18 നും 26 നും ഇടയിൽ പ്രായമുള്ളവർക്കായി നടപ്പിലാക്കുന്ന സൗജന്യ തൊഴിൽ പരിശീലന കോഴ്സുകളിൽ ഏതാനും സീറ്റ് ഒഴിവ് ഉണ്ടെന്ന് അധികൃതർ അറിയിച്ചു. ടൂ വീലർ സർവ്വീസ് ടെക്നീഷ്യൻ, ടൂ ആന്റ് ത്രീ വീലർ ഇലക്ട്രിക് വെഹിക്കിൾസ് സർവ്വീസിംഗ് എന്നിവയാണ് കോഴ്സ്.അഞ്ചുമാസമാണ് പരിശീലന കാലാവധി. കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ (എൻ.എസ്.ഡി.സി) അംഗീകൃത സർട്ടിഫിക്കറ്റും, സൗജന്യമായി ടൂ വീലർ ലൈസൻസും തൊഴിലും നേടാൻ സാധിക്കും. കൂടുതൽ വിവരങ്ങൾക്ക് 9387580023, 9846019500

## വിസ തട്ടിപ്പ് : ഇരകളുടെ കൂട്ടായ്മ സംഘടിപ്പിക്കുന്നു

**കൊച്ചി :** വിസ തട്ടിപ്പിന് ഇരയായവർക്ക് നീതി ലഭ്യമാക്കാൻ സെന്റർ ഫോർ മൈഗ്രന്റ് ഇൻഡ്യൻ സ്റ്റുഡൻസിന്റെ നേതൃത്വത്തിൽ കൊച്ചിയിൽ കൂട്ടായ്മ സംഘടിപ്പിക്കുന്നു. നാളെ രാവിലെ 9.30 മുതൽ ഒരുമണി വരെ എറണാകുളം കച്ചേരിപ്പടിയിലുള്ള സോഷ്യൽ സർവ്വീസ് സൊസൈറ്റി ഹാളിലാണ് കൂട്ടായ്മ നടക്കുക. വിദേശ രാജ്യങ്ങളിൽ മികച്ച ജോലിയും, ഉയർന്ന ശമ്പളവും വാഗ്ദാനം നൽകി ഉദ്യോഗാർത്ഥികളെ കബളിപ്പിക്കുന്ന സംഭവങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നു. ഇരകൾക്ക് ഒറ്റക്ക് തട്ടിപ്പ്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കാൻ പലപ്പോഴും സാധിക്കാറില്ല. ഇതിന് പരിഹാരം കാണാൻ കൂടിയാണ് ഇത്തരത്തിൽ കൂട്ടായ്മ സംഘടിപ്പിക്കുന്നതെന്ന് സംഘാടകർ അറിയിച്ചു. ചടങ്ങിൽ പ്രവാസി കമ്മിഷൻ ഉദ്യോഗസ്ഥർ, സൈബർ ക്രൈം ഉദ്യോഗസ്ഥർ, എമിഗ്രേഷൻ പ്രൊട്ടക്ടർ ഓഫീസ് ഉദ്യോഗസ്ഥർ, എമിഗ്രേഷൻ അഭിഷകർ തുടങ്ങിയവരും പങ്കെടുക്കുമെന്ന് സംഘാടകർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് -9061030104.

## ഹോം ഡെലിവറി പ്രവർത്തനങ്ങൾ നവീകരിച്ച് ആംവേ ഇന്ത്യ

Amway™

**കൊച്ചി :** ഹോം ഡെലിവറി പ്രവർത്തനങ്ങൾ നവീകരിച്ച് ആംവേ ഇന്ത്യ. വിതരണക്കാർക്കും അവരുടെ ഉപഭോക്താക്കൾക്കും വേഗത്തിലുള്ള ഡെലിവറി ഉറപ്പാക്കുന്നതിനായി ഏകീകൃത ഡിജിറ്റൽ ട്രാക്കിംഗ് പ്ലാറ്റ്ഫോമുകളും ലോജിസ്റ്റിക് പങ്കാളിത്തങ്ങളും ആംവേ നവീകരിച്ചു. ആംവേയുടെ സേവന ശൃംഖല 8,000ത്തിൽ നിന്നും 17,500ൽ അധികമായി വികസിച്ചതോടെ ഇന്ത്യയുടെ 90 ശതമാനം പിൻ കോഡുകളിലും ഇപ്പോൾ ഹോം ഡെലിവറി ലഭ്യമാണ്. തിരഞ്ഞെടുത്ത ആംവേ വെയർഹൗസുകളിൽ തടസ്സമില്ലാത്ത ഓർഡർ പ്രോസസ്സിംഗ് ഉറപ്പാക്കുന്നതിനായി അത്യാധുനിക പിക്ക്ടുലൈറ്റ് സാങ്കേതികവിദ്യയാണ് സജ്ജീകരിച്ചിരിക്കുന്നത്. എല്ലാ ഓർഡറുകളെക്കുറിച്ചുമുള്ള വിവരങ്ങൾ കമ്പനി വെബ്സൈറ്റ് വഴി തത്സമയം മനസ്സിലാക്കാനായി ഒരു ഏകീകൃത ട്രാക്കിംഗ് പ്ലാറ്റ്ഫോം കൊവന്നത് ഉപഭോക്താക്കൾക്ക് ഓർഡറുകൾ മെച്ചപ്പെട്ട രീതിയിൽ ട്രാക്ക് ചെയ്യാൻ സഹായിക്കുന്നു. ആംവേ നിലവിൽ പ്രതിമാസം 2 ലക്ഷത്തിലധികം ഹോം ഡെലിവറി ഓർഡറുകളാണ് കൈകാര്യം ചെയ്യുന്നത്. ഇന്ത്യയിലുടനീളം മികച്ച സേവനം ശക്തിപ്പെടുത്തുന്നതിനായി ആംവേ ഹോം ഡെലിവറിയെ ശക്തമായ ഒരു തൂണായി പടുത്തുയർത്തുകയാണെന്ന് ആംവേ ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടർ രജനീഷ് ചോപ്ര പറഞ്ഞു.

## 'മണിനാദം 2026' കലാഭവൻ മണി മെമ്മോറിയൽ നാടൻപാട്ട് മത്സരം

**കൊച്ചി:** യുവജനങ്ങളുടെ കലാപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, പ്രശസ്ത നാടൻപാട്ട് കലാകാരനായ കലാഭവൻ മണിയുടെ സ്മരണാർത്ഥം സംഘടിപ്പിക്കുന്ന 'മണിനാദം' കലാഭവൻ മണി മെമ്മോറിയൽ നാടൻപാട്ട് മത്സരം-2026 ലേക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. ജനുവരി 25 വൈകീട്ട് 5 വരെ അപേക്ഷിക്കാം. അപേക്ഷകൾ dycernakulam07@gmail.com എന്ന വിലാസത്തിൽ അയക്കാം. തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിലാണ് സംസ്ഥാനതല മത്സരം സംഘടിപ്പിക്കുന്നത്.ഫോൺ : 0484-2428071

# എഐ അധിഷ്ഠിത വ്യവസായ വളർച്ചയ്ക്ക് കേരളം തയ്യാർ: മന്ത്രി പി. രാജീവ്




**കൊച്ചി:** ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ)യും ഡീപ്ടെക് നവീകരണവും അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായ നയങ്ങളിലൂടെ കേരളം രാജ്യത്തെ ഏറ്റവും വ്യവസായ സൗഹൃദവും ഭാവി സജ്ജവുമായ സംസ്ഥാനങ്ങളിലൊന്നായി മാറുന്നതിന്റെ പാതയിലാണെന്ന് നിയമ, വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. സതേൺ ഇന്ത്യ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (സിക്കി) കേരള ചാപ്റ്റർ സംഘടിപ്പിച്ച ഫ്യൂച്ചർ എഐ കോൺക്ലേവ് 2026 ലുലു ഐടി ടിൻ ടവേഴ്സ്, സ്മാർട്ട് സിറ്റിയിൽ ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. തുടർച്ചയായ രണ്ടുവർഷം ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ ഒന്നാം സ്ഥാനം നേടിയതായി മന്ത്രി ചൂിക്കാട്ടി.

എ.ഐ, ബിഗ് ഡാറ്റ അനലിറ്റിക്സ്, റോബോട്ടിക്സ്, ബ്ലോക്ക്ചെയിൻ തുടങ്ങിയ മേഖലകൾക്ക് സംസ്ഥാന സർക്കാർ മുൻഗണന നൽകുന്നുവെന്നും അദ്ദേഹം പറഞ്ഞു. വ്യവസായവും അക്കാദമിക മേഖലയും ഗവേഷണ സ്ഥാപനങ്ങളും സ്റ്റാർട്ടപ്പുകളും ഏകോപിപ്പിച്ചുള്ള ശക്തമായ വ്യവസായ ആവാസ വ്യവസ്ത സർക്കാർ ലക്ഷ്യമിടുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. സ്കൂൾതലത്തിൽ തന്നെ എഐ വിദ്യാഭ്യാസം ആരംഭിക്കുന്നതും വലിയ ടെക്നോളജി കമ്പനികളുടെ സാന്നിധ്യം വർധിക്കുന്നതും ഈ മാറ്റത്തിന് ഊർജമാകുമെന്നും അദ്ദേഹം പറഞ്ഞു. സിക്കി കേരള ചെയർ ഡോ. തോമസ് നെച്ചുപാടം, മൈക്രോസോഫ്ട് എഐ വൈസ് പ്രസിഡന്റ് ബെൻ ജോൺ, അഡ്നെക്സസ് ബയോടെക്നോളജീസ് സി ടി ഒ പാറ്റ് കൃഷ്ണൻ, സിക്കി എക്സിക്യൂട്ടീവ് മെമ്പർ എസ്. മണികണ്ഠൻ, ചാർട്ടർ മെമ്പർ ജോൺ സൈമൺ, സിക്കി കോ ചെയർമാരായ മാത്യു ചെറിയാൻ, അഖിൽ ആഷിക്ക്, രാജേഷ് നായർ എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു. രാജ്യത്തെ ആദ്യത്തെ പൂർണ്ണമായും ഏകീകൃത എ.ഐ ടൗൺഷിപ്പായി കേരളത്തെ വികസിപ്പിക്കുകയാണ് സിക്കിയുടെ ലക്ഷ്യമെന്ന് സംഘടനയുടെ കേരള ചെയർ ഡോ. തോമസ് നെച്ചുപാടം പറഞ്ഞു.

എ.ഐ ഉൽപ്പന്നങ്ങളുടെ പ്രയോഗം, ഉയർന്ന മൂല്യമുള്ള നൈപുണ്യവും തൊഴിലും സൃഷ്ടിക്കൽ, സമഗ്ര എഐ വ്യവസ്ഥയുടെ നിർമ്മാണം എന്നിവ വഴിയാണ് ഇത് ലക്ഷ്യമിടുന്നത്, ഡോ. തോമസ് നെച്ചുപാടം പറഞ്ഞു. എഐ സൈബർ സുരക്ഷ, എഐ സ്റ്റാർട്ടപ്പുകൾ, നയം നിയന്ത്രണങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ സെഷനുകൾ നടന്നു. മൈക്രോസോഫ്റ്റ്, ആമസോൺ, ആക്സെഞ്ചർ, അഡ്നെക്സസ് ബയോടെക്നോളജീസ് എന്നിവയിലെ വിദഗ്ധർ എഐ അധിഷ്ഠിത എന്റർ പ്രൈസ് വളർച്ചയും, ഭാവിയിലെ തൊഴിൽ രൂപാന്തരണവും, സാധ്യതകളും ചർച്ച ചെയ്തു. കോൺക്ലേവിന്റെ ഭാഗമായി 'എഐ അധിഷ്ഠിത സമ്പദ്വ്യവസ്ഥയ്ക്കുള്ള വ്യവസായ പങ്കാളിത്തങ്ങൾ' എന്ന പ്രമേയത്തിൽ സിഐസിസിഐ കേരളം, സൈം (XIME), ദി കിച്ചൻ എന്നിവരുമായി ധാരണാ പത്രങ്ങളിൽ ഒപ്പുവച്ചു.

# മഹീന്ദ്ര എക്സ്‌യുവി 3എക്സ്ഒ ഇവി പുറത്തിറക്കി



**കൊച്ചി:** രാജ്യത്തെ മുൻനിര എസ്‌യുവി വാഹന നിർമാതാക്കളായ മഹീന്ദ്ര ആന്റ് മഹീന്ദ്ര ലിമിറ്റഡിന്റെ പുതിയ ഇലക്ട്രിക് വാഹനമായ മഹീന്ദ്ര എക്സ്‌യുവി 3എക്സ്ഒ ഇവി പുറത്തിറക്കി. 13.89 ലക്ഷം രൂപ മുതലാണ് എക്സ് ഷോറൂം വില ആരംഭിക്കുന്നത്. ആധുനിക ഡിസൈനും മികച്ച പ്രകടനവും സുരക്ഷയും അത്യാധുനിക സാങ്കേതികവിദ്യയോടും കൂടിയാണ് ഈ പുതിയ വാഹനം എത്തുന്നത്. 2024 ഏപ്രിലിൽ പുറത്തിറക്കിയ മഹീന്ദ്ര എക്സ്‌യുവി 3എക്സ്ഒ സബ്കോമ്പാക്ട് എസ്‌യുവി വിഭാഗത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. ഇതിനകം 1.80 ലക്ഷം വാഹനങ്ങളാണ് വിറ്റഴിച്ചത്. ഈ അടിത്തറിയിൽ നിന്നാണ് ഉപഭോക്താക്കൾക്ക് മികച്ച ഒരു ഇലക്ട്രിക് വാഹനം നൽകുന്ന ഇലക്ട്രിക് വാഹനം എന്ന ചിന്തയിലേക്ക് മഹീന്ദ്ര എത്തിയതെന്ന് മഹീന്ദ്ര ആന്റ് മഹീന്ദ്ര ലിമിറ്റഡ് ഓട്ടോമോട്ടീവ് ഡിവിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ നളിനികാന്ത് ഗൊല്ലഗുണ്ട പറഞ്ഞു.

പുതിയ എക്സ്‌യുവി 3എക്സ്ഒ ഇവിയിലൂടെ ഉപഭോക്താക്കളുടെ ദൈനംദിന ജീവിതം അനായാസകരമാക്കാനാണ് തങ്ങൾ ആഗ്രഹിക്കുന്നതെന്നും നളിനികാന്ത് ഗൊല്ലഗുണ്ട പറഞ്ഞു. 39.4 കെഡബ്ല്യൂഎച്ച് ബാറ്ററി പാക്കാണ് വാഹനത്തിലുള്ളത്. ഒറ്റ ചാർജിൽ യഥാർത്ഥ സാഹചര്യങ്ങളിൽ 285 കിലോമീറ്റർ വരെ റേഞ്ച് ലഭിക്കും. ഡിസി ചാർജർ ഉപയോഗിച്ച് 50 മിനിറ്റ് കൊണ്ട് 80 ശതമാനം വരെ വാഹനം ചാർജ് ചെയ്യാം. 310 എൻഎം ടോർക്കും 110 കിലോവാട്ട് പവറുമാണ് വാഹനം ഉൽപ്പാദിപ്പിക്കുന്നത്. പൂജ്യത്തിൽ നിന്നും 100 കിലോമീറ്റർ വേഗതയിൽ എത്താൻ വെറും 8.3 സെക്കൻഡ് മാത്രം മതി. ഫൺ, ഫാസ്റ്റ്, ഫിയർലെസ് എന്നിങ്ങനെ മൂന്ന് ഡ്രൈവിംഗ് മോഡുകളാണുള്ളത്. വളരെ സൗകര്യപ്രദവും സ്ഥലസൗകര്യമുള്ളതുമാണ് വാഹനത്തിന്റെ ഇന്റീരിയർ. ഡ്യുവൽ സോൺ എസി, ഓട്ടോ ഹോൾഡോടുകൂടിയ ഇലക്ട്രോണിക് പാർക്കിംഗ് ബ്രേക്ക്, പനോരമിക് സൺറൂഫ്, പാസീവ് കീലെസ് എൻട്രി, ആറ് തരത്തിൽ ക്രമീകരിക്കാവുന്ന ഡ്രൈവർ സീറ്റ്, 60:40 അനുപാതത്തിൽ മടക്കാവുന്ന പിൻ സീറ്റുകൾ, ഇരട്ട എച്ച്ഡി ഇൻഫോടെയിൻമെന്റ് സംവിധാനം കൂടാതെ പൂർണ്ണമായും ഡിജിറ്റൽ ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ, ഡോൾബി അറ്റ്മോസോടു കൂടിയ ഏഴ് സ്പീക്കർ ഹാർമൻ കാർഡൻ ഓഡിയോ സംവിധാനം എന്നിവയും വാഹനത്തിലുണ്ട്.

റിമോട്ട് വെഹിക്കിൾ കൺട്രോൾ, ട്രിപ്പ് സമ്മറി, സ്മാർട്ട്വാച്ച് കണക്ടിവിറ്റി തുടങ്ങിയവ ഉൾപ്പടെ 80ലധികം കണക്ടഡ് കാർ സവിശേഷതകളോടെ വരുന്ന അഡ്രിനോക്സ് സംവിധാനം, ലെവൽ 2 അഡാസ് സംവിധാനത്തിൽ അഡാപ്റ്റീവ് ക്രൂയിസ് കൺട്രോൾ, കൊളിഷൻ മുന്നറിയിപ്പുകൾ, സ്മാർട്ട് പൈലറ്റ് അസിസ്റ്റ്, ഓട്ടോ എമർജൻസി ബ്രേക്കിങ്ങ്, നാല് വീലിലും ഡിസ്ക് ബ്രേക്ക്, 360 ഡിഗ്രീ വ്യൂ സിസ്റ്റം തുടങ്ങി 35 ഓളം സുരക്ഷ സംവിധാനങ്ങളും ഈ വാഹനം നൽകുന്നുണ്ട്. എഎക്സ്5 മോഡലിന് 13.89 ലക്ഷം രൂപയും എഎക്സ്7എൽ മോഡലിന് 14.96 ലക്ഷം രൂപയുണ് എക്സ് ഷോറൂം വില. 50,000 രൂപ കൂടി അധികം നൽകിയാൽ 7.2 കിലോ വാട്ടിന്റെ വാൾ ചാർജറും ലഭിക്കും.

# സാംസങ് ഇന്നൊവേഷൻ ക്യാമ്പസ്: എഐയിലും കോഡിംഗിലും വിദ്യാർഥികൾക്ക് പരിശീലനം

**കൊച്ചി:** സാംസങിന്റെ സാംസങ് ഇന്നൊവേഷൻ ക്യാമ്പസ് (എസ്ഐസി) എന്ന ഡിജിറ്റൽ നൈപുണ്യ പദ്ധതിയുടെ ഭാഗമായി, ഹൈദരാബാദിലെ എൻഎസ്ഐസി ടെക്നിക്കൽ സർവീസ് സെന്ററിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ), കോഡിംഗ് ആന്റ് പ്രോഗ്രാമിംഗ് മേഖലകളിൽ പരിശീലനം പൂർത്തിയാക്കിയ 450 വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകി.

ചടങ്ങിൽ എൻഎസ്ഐസി ഹൈദരാബാദ് സെന്റർ മേധാവി രാജീവ്നാഥ് മുഖ്യാതിഥിയായി. ഇന്ത്യയുടെ ഡിജിറ്റൽ പരിവർത്തനത്തിന് യുവജന നൈപുണ്യ വികസനത്തിൽ തുടർച്ചയായ നിക്ഷേപങ്ങൾ അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. ഈ വർഷം എൻഎസ്ഐസി ഹൈദരാബാദിൽ സർട്ടിഫിക്കറ്റ് നേടിയ 450 പേരിൽ 100 പേർ എഐയിൽ അഡ്വാൻസ്ഡ് പരിശീലനം പൂർത്തിയാക്കിയപ്പോൾ, 350 പേർ കോഡിംഗ് ആന്റ് പ്രോഗ്രാമിംഗ് പരിശീലനം നേടി. വ്യവസായ ആവശ്യങ്ങൾ മുൻനിർത്തിയ പ്രായോഗിക പാഠ്യപദ്ധതിയാണ് പരിശീലനത്തിന് നൽകിയത്.

യുവാക്കൾക്ക് വ്യവസായ ആവശ്യങ്ങൾക്കനുസരിച്ചുള്ള അത്യാധുനിക സാങ്കേതിക നൈപുണ്യങ്ങൾ നൽകുകയാണ് സാംസങ് ഇന്നൊവേഷൻ ക്യാമ്പസിന്റെ ലക്ഷ്യം. ഘടനാപരമായ പരിശീലനം, പ്രായോഗിക പഠനം, പ്രോജക്റ്റ് അധിഷ്ഠിത പരിശീലനം എന്നിവയിലൂടെ ഡിജിറ്റൽ സാമ്പത്തിക രംഗത്തിൽ തൊഴിൽ യോഗ്യത വർധിപ്പിക്കുകയാണ് പദ്ധതി. 2025ൽ രാജ്യത്താകമാനം 20,000 യുവാക്കളെ പരിശീലിപ്പിക്കാനുള്ള സാംസങിന്റെ വലിയ ലക്ഷ്യത്തിന്റെ ഭാഗമാണ് ഹൈദരാബാദ് പദ്ധതി. സ്കിൽ ഇന്ത്യ, ഡിജിറ്റൽ ഇന്ത്യ പദ്ധതികളുമായി ചേർന്ന് രാജ്യത്തെ നൈപുണ്യ കുറവ് നികത്താനും സാങ്കേതിക നവീകരണ സംസ്കാരം വളർത്താനും എസ്ഐസി സഹായിക്കുന്നു.

# ലൈഫ് ഇൻഷുറൻസ് വ്യവസായം പുതിയ വളർച്ചാ ഘട്ടത്തിലേക്ക്



**കൊച്ചി:** സാമ്പത്തിക പ്രതിരോധശേഷിയും നിയന്ത്രണാത്മക പിന്തുണയും വേഗം മുന്നേറുന്ന നവീകരണങ്ങളും മുൻനിർത്തി 2026ൽ ഇന്ത്യയിലെ ലൈഫ് ഇൻഷുറൻസ് വ്യവസായം പുതിയ വളർച്ചാ ഘട്ടത്തിലേക്ക് കടക്കുകയാണെന്ന് എഡൽവൈസ് ലൈഫ് ഇൻഷുറൻസ് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ സുമിത് റായ് വ്യക്തമാക്കി. 2025ൽ ആഗോള അനിശ്ചിതത്വങ്ങൾ നിലനിന്നിരുന്നെങ്കിലും ശക്തമായ ഉപഭോഗം, കുറയുന്ന പണപ്പെരുപ്പം, നയ പരിഷ്കരണങ്ങൾ എന്നിവ വിവിധ മേഖലകളിലെ വളർച്ച നിലനിർത്തി. ജിഎസ്ടി ഒഴിവ്, സംരക്ഷണ ഉൽപ്പന്നങ്ങളിലേക്കുള്ള വർധിച്ച ആവശ്യം, ബോധവത്കരണ പ്രവർത്തനങ്ങളുടെ വ്യാപനം എന്നിവ ലൈഫ് ഇൻഷുറൻസ് മേഖലയ്ക്കും കരുത്തായി. 100% എഫ്ഡിഐ പിന്തുണയോടെ പുതിയ കമ്പനികളുടെ പ്രവേശനം, എഐ അധിഷ്ഠിത വ്യക്തിഗത പരിഹാരങ്ങൾ, വൈവിധ്യമാർന്ന വിതരണ ചാനലുകൾ എന്നിവ ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്തി ഇൻഷുറൻസ് വ്യാപനം വർധിപ്പിക്കുകയും ദീർഘകാല വളർച്ച വേഗത്തിലാക്കുകയും ചെയ്യുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

## കജാരിയ ടൈൽസ് ആർസിബി വനിതാ ടീം സ്പോൺസർ

**കൊച്ചി:** റോയൽ ചലഞ്ചേഴ്സ് ബെംഗലൂരുവിന്റെ വനിതാ ടീമിന്റെ പ്രിൻസിപ്പൽ സ്പോൺസറായി കജാരിയ ടൈൽസ് തുടരും. 2023ൽ വിമൻസ് ടി20 ലീഗിന്റെ പ്രാരംഭ സീസണിലാണ് ഇരുകൂട്ടരും കൂട്ടുകെട്ട് ആരംഭിച്ചത്. വനിതാ കായികരംഗത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ വനിതാ ടി20 ലീഗ് വഹിക്കുന്ന പങ്കിലുള്ള ശക്തമായ വിശ്വാസത്തിലും രാജ്യത്തെ വനിതാ ക്രിക്കറ്റ് വികസനത്തിനോടുള്ള ദീർഘകാല പ്രതിബദ്ധയുമാണ് കൂട്ടുകെട്ട് തുടരാൻ കജാരിയ ടൈൽസിന് പ്രചോദനമായതെന്ന് എം.ഡി ഋഷി കജാരിയ പറഞ്ഞു. താഴെത്തട്ടിലുള്ള പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും സമൂഹ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും വനിതാ കായികരംഗത്ത് കൂടുതൽ ഇടപെടൽ നടത്തുന്നതടക്കമുള്ള പ്രവർത്തനങ്ങൾ നടത്താനും കമ്പനിക്ക് പദ്ധതിയുണ്ട്.

## പഞ്ചദിന സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം 13ന്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സെൻട്രൽ ലൈബ്രറിയും ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലും സംയുക്തമായി സംഘടിപ്പിക്കുന്ന പഞ്ചദിന സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം ജനുവരി 13ന് കാലടി മുഖ്യ കാമ്പസിലുള്ള മീഡിയ സെന്ററിൽ ആരംഭിക്കും. ഓപ്പൺ സോഴ്സ് ലൈബ്രറി സോഫ്റ്റ്വെയറുകളായ ഡിസ്പേസ്, കോഹ എന്നിവയിലുള്ള പരിശീനമാണ് നടക്കുക. 13ന് രാവിലെ ഒൻപതിന് വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി പഞ്ചദിന സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം ഉദ്ഘാടനം ചെയ്യും.

# ഇന്ത്യ ഇന്റർനാഷണൽ ട്രാവൽ മാർട്ടിന് തുടക്കം



**കൊച്ചി**: ഇന്ത്യയിലെയും വിദേശത്തെയും യാത്ര, ടൂറിസം,ഹോസ്പിറ്റാലിറ്റി മേഖലകളിലെ പ്രമുഖരെ ഒരുമിപ്പിച്ചുകൊണ്ട് ഇന്ത്യ ഇന്റർനാഷണൽ ട്രാവൽ മാർട്ട് (ഐഐടിഎം) 2026 കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ആരംഭിച്ചു. ജനുവരി 8 മുതൽ 10 വരെ മൂന്ന് ദിവസമാണ് പ്രദർശനം. പതിനഞ്ചിലധികം സംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നുമായി 100ലധികം എക്സിബിറ്റർമാർ പങ്കെടുക്കുന്ന പ്രദർശനത്തിൽ ടൂറിസം മലേഷ്യക്ക് പ്രധാന പങ്കാളിത്തമുണ്ട്. ഒഡീഷ, ജമ്മു-കശ്മീർ പങ്കാളിത്ത സംസ്ഥാനങ്ങളായി പ്രധാന പവലിയനുകൾ ഒരുക്കിയിട്ടുണ്ട്.

തെലങ്കാന, രാജസ്ഥാൻ, പഞ്ചാബ്, ഡൽഹി, മേഘാലയ എന്നിവയും മേളയിൽ പങ്കെടുക്കുന്നു.ഉദ്ഘാടന ചടങ്ങിൽ ജമ്മു-കശ്മീർ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ശ്രേയ സിംഗാൾ ഐഎഎസ്; മലേഷ്യ ടൂറിസം പ്രമോഷൻ ബോർഡ് ഡയറക്ടർ ഹിഷാമുദ്ദീൻ ബിൻ മുസ്തഫ, രാജസ്ഥാൻ ടൂറിസം അഡീഷണൽ ഡയറക്ടർമാരായ എക്ത കബ്ര, പവൻ കുമാർ ജെയിൻ; സ്ഫിയർ ട്രാവൽമീഡിയ ആൻഡ് എക്സിബിഷൻസ് ഡയറക്ടർമാരായ സഞ്ജയ് ഹഖു; രോഹിത് ഹംഗൽ എന്നിവർ ഉൾപ്പെടെ യാത്രാ വ്യവസായ രംഗത്തെ നിരവധി പ്രമുഖർ പങ്കെടുത്തു. ഐഎടിഒ കേരള, ലക്ഷദ്വീപ് ചെയർമാൻ രഞ്ജു ജോസഫ്, ടിഎഎഐ ചെയർപേഴ്സൺ മറിയമ്മ ജോസ്, ടിഎഎഫ്ഐ നാഷണൽ എംസി അംഗം പൗലോസ് മാത്യു, ടിഎഎഫ്ഐ ചെയർമാൻ പി. പി. ഓഗസ്റ്റി, ടൂർ ഓപ്പറേറ്റേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റ് അബ്ദുൽ നാസർ, കേരള ട്രാവൽ മാർട്ട് സൊസൈറ്റി പ്രസിഡന്റ് ജോസ് പ്രദീപ്, സിഇഒ രാജ്കുമാർ എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു. ട്രാവൽ ഏജൻസികൾ, ടൂർ ഓപ്പറേറ്റർമാർ, ഹോട്ടലുകൾ എന്നിവർക്കായുള്ള ഏറ്റവു വലിയ ബി2ബി വേദിയാണ് ഐഐടിഎം. വിനോദ, അഡ്വഞ്ചർ, തീർത്ഥാടന, വിവാഹ, മൈസ് ടൂറിസം മേഖലകളിൽ നിരവധി സഹകരണ സാധ്യതകളാണ് ഇവിടെ തുറക്കുന്നത്. ഇന്ത്യയിലെ പ്രമുഖ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ പ്രാതിനിധ്യത്തിനൊപ്പം മലേഷ്യ, തായ്‌ലൻഡ്, വിയറ്റ്നാം, ബാലി, നെപാൾ, ഭൂട്ടാൻ തുടങ്ങിയ രാജ്യങ്ങളും മേളയിൽ പങ്കെടുക്കുന്നു.ഇന്ത്യയുടെ വിദേശ വിനോദ സഞ്ചാര വിപണി അതിവേഗം വളരുകയാണെന്ന് സ്ഫിയർ ട്രാവൽമീഡിയ ആൻഡ് എക്സിബിഷൻസ് ഡയറക്ടർ സഞ്ജയ് ഹഖു പറഞ്ഞു.

പാസ്പോർട്ട് ഉടമകൾ 9.6 കോടിയെ കടന്നതും 50ലധികം രാജ്യങ്ങളിൽ വിസാരഹിതമോ, വിസാ ഓൺ അറൈവൽ സൗകര്യമോ ലഭ്യമാകുന്നതും ഇന്ത്യയെ ലോകത്തിലെ വേഗത്തിൽ വളരുന്ന ഔട്ട്ബൗണ്ട് മാർക്കറ്റുകളിലൊന്നാക്കി മാറ്റിയിട്ടുണ്ട്. 2032 ഓടെ ഈ വിപണി 44 ബില്യൺ ഡോളർ കടക്കുമെന്നും അദ്ദേഹം പറഞ്ഞു. പ്രദേശങ്ങളുടെ വൈവിധ്യവും, ജീവിതരീതികളും പാരമ്പര്യവും, അനുഭവവേദ്യമാവുന്ന സുസ്ഥിരവുമായ ടൂറിസത്തിൽ കേരളത്തിന്റെ ശക്തിയും വളർച്ചയും പ്രദർശനത്തിൽ അവതരിപ്പിക്കുന്നുണ്ട്. പ്രകൃതിയോടിണങ്ങിയുള്ള ഉത്തരവാദിത്വ ടൂറിസം, വെൽനെസ് ട്രാവൽ, സമൂഹ അധിഷ്ഠിത ടൂറിസം മാതൃകകൾക്കും പ്രത്യേക പ്രാധാന്യമാണ് നൽകിയിരിക്കുന്നതെന്നും ഡയറക്ടർ രോഹിത് ഹംഗൽ പറഞ്ഞു. ദേശീയ, അന്താരാഷ്ട്ര ടൂറിസം, ലക്ഷ്വറി യാത്ര, ട്രാവൽ സാങ്കേതിക വിദ്യ, സുസ്ഥിര ടൂറിസം, പരിഹാരങ്ങൾ എന്നിവയ്ക്കായി പ്രത്യേക പവലിയനുകളും ഒരുങ്ങിയിട്ടുണ്ട്.

# കൊച്ചി ബിനാലെ സന്ദർശിച്ച് ഷിക്കാഗോ സംഘം



**കൊച്ചി:** ഷിക്കാഗോ സ്കൂൾ ഓഫ് ആർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ (SAIC) നിന്നുള്ള 20 വിദ്യാർത്ഥികളും രണ്ട് അധ്യാപകരുമടങ്ങുന്ന സംഘം കൊച്ചിമുസിരിസ് ബിനാലെ കാണാനെത്തി. വിവിധ പ്രദർശന ഇടങ്ങൾ ചുറ്റിക്കണ്ട സംഘം കലാസൃഷ്ടികളുമായും കലാകാരന്മാരുമായും സംവദിച്ചു. ഷിക്കാഗോ സ്കൂൾ ഓഫ് ആർട്ട് ഇൻസ്റ്റിറ്റ്യൂട്ടിലെ ഫാക്കൽറ്റി അംഗമായ ശൗര്യ കുമാറിന്റെ നേതൃത്വത്തിലാണ് അമേരിക്കയിൽ നിന്നുള്ള സംഘം എത്തിയത്. ദക്ഷിണേഷ്യയിലെ അന്താരാഷ്ട്ര കലാപ്രദർശനങ്ങളിൽ കൊച്ചിമുസിരിസ് ബിനാലെയ്ക്ക് സവിശേഷമായ സ്ഥാനമുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ക്യുറേറ്റർമാരുടെ തുറന്ന സമീപനത്തെയും ലോകമെമ്പാടുമുള്ള കലാകാരന്മാരുമായി സംവദിക്കാൻ കൊച്ചി ബിനാലെ ഒരുക്കുന്ന അവസരത്തെയും അദ്ദേഹം പ്രശംസിച്ചു.

ഒരേ സമയം ഭൂതകാലത്തെക്കുറിച്ചും ഭാവികാലത്തെക്കുറിച്ചും ശാന്തമായി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നവയാണ് കൊച്ചി ബിനാലെ സൃഷ്ടികളെന്ന് അദ്ദേഹം പറഞ്ഞു. പാർശ്വവൽക്കരിക്കപ്പെട്ടവർക്കും യുവ കലാകാരന്മാർക്കും അന്താരാഷ്ട്ര ശബ്ദങ്ങൾക്കും അർഹമായ വേദി നൽകുന്ന കൊമ്പി ബിനാലെ സമകാലീന കലാലോകത്തിന് മാതൃകയാണെന്നും അദ്ദേഹം വ്യക്തമാക്കി. ഏറെ അർത്ഥവത്തായ പ്രമേയമാണ് കൊച്ചി ബിനാലെ 2025 മുന്നോട്ടുവയ്ക്കുന്നതെന്ന് സംഘത്തിലെ വിദ്യാർത്ഥിനിയായ മെർലിൻ പറഞ്ഞു. സൃഷ്ടികളുമായി ഉണ്ടായ ആത്മബന്ധം ഏറെക്കാലം മനസിൽ നിൽക്കുമെന്നും മെർലിൻ പറഞ്ഞു. ചലച്ചിത്ര സംവിധായകനും തിരക്കഥാകൃത്തുമായ സി. പ്രേം കുമാറും ബിനാലെ സന്ദർശിച്ചു. ഓരോരുത്തരുടെയും മനസ്സ് തുറക്കുന്ന വലിയൊരു അനുഭവമാണ് ബിനാലെയെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. വിജയ് സേതുപതിയും തൃഷയും അഭിനയിച്ച ഹിറ്റ് ചിത്രം 96 ന്റെ സംവിധായകനാണ് സി. പ്രേംകുമാർ .






# സോളാർ വിപ്ലവം വീടുകളിലേക്ക്; കേരള ആർ.ഇ എക്സ്പോ ഇന്ന് മുതൽ

**കൊച്ചി:** സോളാർ ഊർജ്ജം സാധാരണക്കാരിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ ഏറ്റവും വലിയ സോളാർ ട്രേഡ് അസോസിയേഷനായ 'മാസ്റ്റേഴ്സ് അസോസിയേഷൻ' സംഘടിപ്പിക്കുന്ന വിപുലമായ സോളാർ എക്സിബിഷൻ 'കേരള ആർ.ഇ എക്സ്പോ ഇന്ന് മുതൽ ജനുവരി 11 വരെ തൃപ്പൂണിത്തുറ പുതിയകാവ് ഗ്രൗണ്ടിൽ നടക്കും. ഇന്ന് രാവിലെ 11ന് തൃപ്പൂണിത്തുറ നഗരസഭ ചെയർമാൻ പി.എൽ. ബാബു എക്സിബിഷന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിക്കും. നാളെ രാവിലെ 10.30ന് അസോസിയേഷൻ സംസ്ഥാന സമ്മേളനം ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്യും.

കെ.ബാബു എം.എൽ.എ മുഖ്യാതിഥിയായിരിക്കും. ഓരോ വർഷവും കേരളത്തിലെ വിവിധ മേഖലകളിൽ ഇത്തരത്തിൽ എക്സിബിഷനുകൾ സംഘടിപ്പിക്കാറുള്ള അസോസിയേഷൻ, ഇത്തവണ സോളാർ ഊർജ്ജത്തെ സാധാരണക്കാരായ ജനങ്ങളിലേക്ക് കൂടുതൽ അടുപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. സോളാർ ഊർജ്ജം വൻകിട വ്യവസായങ്ങൾക്കും സ്ഥാപനങ്ങൾക്കും മാത്രമുള്ളതല്ലെന്നും, ഓരോ വീടിനും ചെറുകിട വ്യാപാര സ്ഥാപനങ്ങൾക്കും ചെലവുകുറഞ്ഞ രീതിയിൽ ഇത് പ്രയോജനപ്പെടുത്താമെന്നുമുള്ള ബോധവത്കരണമാണ് ഈ എക്സിബിഷന്റെ പ്രധാന ദൗത്യമെന്നുംസംഘാടകർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. പ്രദർശനത്തിൽ പ്രമുഖ

MASTERS®
MINISTRY APPROVED SOLAR TRADERS

സോളാർ കമ്പനികളുടെ സ്റ്റാളുകൾ, പുത്തൻ സാങ്കേതിക വിദ്യകൾ, ലൈവ് ഡെമോകൾ എന്നിവ പൊതുജനങ്ങൾക്ക് ലഭ്യമാകും. ഇതിനുപുറമെ, സർക്കാർ സബ്സിഡി പദ്ധതികളെക്കുറിച്ചുള്ള വ്യക്തമായ വിശദീകരണങ്ങളും വിദഗ്ധരുമായി നേരിട്ട് സംവദിക്കാനുള്ള അവസരവും എക്സ്പോയിൽ ഒരുക്കിയിട്ടുണ്ട്. വൈദ്യുതി ബിൽ കുറയ്ക്കുന്നതിനൊപ്പം പരിസ്ഥിതി സംരക്ഷണത്തിനും ഊർജ്ജ സ്വയംപര്യാപ്തതയ്ക്കും സോളാർ എനർജി നൽകുന്ന സംഭാവനയെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കാൻ ഇത്തരം പ്രദർശനങ്ങൾ സഹായിക്കുമെന്ന് അസോസിയേഷൻ ഭാരവാഹികൾ അറിയിച്ചു.

സോളാർ മേഖലയിലെ പുതിയ തൊഴിൽ സാധ്യതകളെയും സംരംഭകത്വ അവസരങ്ങളെയും കുറിച്ച് യുവതലമുറയ്ക്ക് അറിവ് നൽകുന്ന ഒരു വേദിയായും ഈ എക്സിബിഷൻ മാറും. വാർത്താ സമ്മേളനത്തിൽ മാസ്റ്റേഴ്സ് അസോസിയേഷൻ സ്റ്റേറ്റ് പ്രസിഡന്റ് നൗഫൽ റോസൈസ്, ജനറൽ സെക്രട്ടറി ജെ.സി ലിജോ, ട്രഷറർ രാജേഷ് പുന്നാടിയിൽ, എക്സ്പോ ചെയർമാൻ റെനി ആർ. വർഗീസ്, ട്രഷറർ ശശികുമാർ ബി, വൈസ് ചെയർമാൻ മാത്യു സി.കെ എന്നിവർ പങ്കെടുത്തു.